**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2587** **23-02-2026 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി മണ്ഡലത്തിലെ വൈദ്യുത പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | 2021-2026 വർഷങ്ങളിൽ മഞ്ചേരി നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് മുഖേന നടപ്പിലാക്കിയ പ്രസരണ വിതരണ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | **കെ.എസ്.ഇ.ബി.എൽ.**<br><br>2021-26 വർഷങ്ങളിൽ മഞ്ചേരി നിയോജക മണ്ഡലത്തിൽ വൈദ്യുതി വിതരണ രംഗത്ത് ദ്യുതി 1 & 2 പദ്ധതികളിലായി 37.99 KM HT ലൈൻ നിർമിച്ചു. 76.283 KM LT ലൈനും 95 ട്രാൻസ്ഫോർമറുകളും സ്ഥാപിച്ചു.<br><br>**അനെർട്ട്**<br><br>2021-2026 സാമ്പത്തിക വർഷങ്ങളിൽ മഞ്ചേരി നിയോജക മണ്ഡലത്തിൽ അനെർട്ട് ഡെപ്പോസിറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സർക്കാർ ഓഫീസുകളിലുമായി നടപ്പിലാക്കിയ സൗരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ **അനുബന്ധ**മായി ചേർക്കുന്നു.<br><br>2021-26 വർഷങ്ങളിൽ മഞ്ചേരി മണ്ഡലത്തിൽ അനെർട്ട് ഇ-മൊബിലിറ്റി പദ്ധതിയുടെ ഭാഗമായി മുഹമ്മദ് ഹുസ്സൈൻ, തോട്ടത്തോടി ഹൗസ്, വേങ്ങൂർ, മലപ്പുറം എന്ന വ്യക്തി സ്ഥാപിച്ച ഇലക്ട്രിക്ക് വാഹന ചാർജിംഗ് സ്റ്റേഷന് സാമ്പത്തിക ധനസഹായമായി Rs.1,50,000/- രൂപ നൽകിയിട്ടുണ്ട്. കൂടാതെ ചാർജിംഗ് സ്റ്റേഷനോടൊപ്പം സ്ഥാപിച്ച സൗരോർജ്ജ സംവിധാനത്തിന് Rs.6,00,000/- രൂപയും സബ്സിഡിയായി നൽകിയിട്ടുണ്ട്.<br><br>സൗരോർജ്ജ ഉത്പാദനവുമായി ബന്ധപ്പെട്ട് രാജ്യത്തെ കർഷകർ കാർഷിക ആവശ്യത്തിന് ഉപയോഗിക്കുന്ന ജല പമ്പുകൾ സൗരോർജ്ജ പാനലുകൾ ഉപയോഗിച്ച് വൈദ്യുതീകരിക്കുന്ന പദ്ധതിയാണ് പ്രധാനമന്ത്രി കുസും പദ്ധതി (PM KUSUM). മഞ്ചേരി നിയോജക മണ്ഡലത്തിന് കീഴിൽ കുഴിമണ്ണ, പാണ്ടിക്കാട് കൃഷി ഭവനുകളിൽ 49 ജല പമ്പുകൾ സൗരോർജ്ജ പാനലുകൾ ഉപയോഗിച്ച് വൈദ്യുതീകരിക്കുവാൻ വർക്ക് ഓർഡർ നൽകുകയും അതിൽ 4 എണ്ണം നിർമ്മാണം പൂർത്തീയാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | മഞ്ചേരി നിയോജക മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി | (ബി) | **കെ.എസ്.ഇ.ബി.എൽ.** |

| | | | |
|---|---|---|---|
| | പ്രസ്തുത കാലയളവിൽ പുതുതായി എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | മഞ്ചേരി നിയോജക മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി പ്രസ്തുത കാലയളവിൽ പുതിയതായി 95 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും, 9 ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കുകയും ചെയ്തു. |
| (സി) | മഞ്ചേരി നിയോജകമണ്ഡലത്തിൽ പ്രസ്തുത കാലയളവിൽ പുതുതായി എത്ര വീടുകൾ വൈദ്യുതീകരിച്ചു; വിശദമായ കണക്കുകൾ വർഷം തിരിച്ചു ലഭ്യമാക്കാമോ; | (സി) | **കെ.എസ്.ഇ.ബി.എൽ.**<br><br>മഞ്ചേരി നിയോജക മണ്ഡലത്തിൽ പ്രസ്തുത കാലയളവിൽ പുതിയതായി വൈദ്യുതീകരിച്ച വീടുകളുടെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:<br><br>സാമ്പത്തിക വർഷം — നൽകിയ സർവീസ് കണക്ഷനുകളുടെ എണ്ണം<br>2021-2022 — 1819<br>2022-2023 — 1763<br>2023-2024 — 1792<br>2024-2025 — 1737<br>2025-2026 — 1559 |
| (ഡി) | സംസ്ഥാനത്ത് പ്രസ്തുത കാലയളവിൽ സമ്പൂർണ്ണ വൈദ്യുതീകരണം ഏതൊക്കെ നിയോജകമണ്ഡലങ്ങളിൽ നടപ്പിലാക്കി; മലപ്പുറം ജില്ലയിലെ ഏതൊക്കെ നിയോജകമണ്ഡലങ്ങളിൽ ഏതൊക്കെ വർഷങ്ങളിലാണ് ഈ പദ്ധതി പൂർത്തിയായത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ഡി) | **കെ.എസ്.ഇ.ബി.എൽ.**<br><br>2017- ലാണ് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയത്. സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ പൂർത്തീകരണത്തിനു ശേഷം പുതിയ കണക്ഷനുകൾ സൗജന്യമായി നൽകുവാൻ മറ്റു പദ്ധതികൾ നിലവിൽ ഇല്ലാത്തതിനാൽ 1000 w വരെ കണക്ടഡ് ലോഡുള്ള ബി.പി.എൽ. കുടുംബങ്ങൾക്ക്, പോസ്റ്റ് ആവശ്യം ഇല്ലാത്ത എല്ലാ കണക്ഷനുകളും 250 മീറ്റർ വരെ ലൈൻ വലിക്കേണ്ടുന്ന പോസ്റ്റ് ആവശ്യമുള്ള കണക്ഷനുകളും സൗജന്യമായി കെ.എസ്.ഇ.ബി.എൽ.-ന്റെ തനതു ഫണ്ടുപയോഗിച്ച് നൽകി വരുന്നു. പ്രസ്തുത കാലയളവിൽ മഞ്ചേരി നിയോജക മണ്ഡലത്തിൽ സമ്പൂർണ വൈദ്യുതീകരണം ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല. |
| (ഇ) | മഞ്ചേരി നിയോജക മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് 2026 - 27 വർഷത്തിൽ നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ? | (ഇ) | **കെ.എസ്.ഇ.ബി.എൽ.**<br><br>മഞ്ചേരി നിയോജക മണ്ഡലത്തിൽ 2026-27 വർഷത്തിൽ ദ്യുതി പദ്ധതിയിൽ നടപ്പിലാക്കാൻ പോകുന്ന വർക്കുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:<br><br>1 — 11 കെ. വി. ലൈൻ നിർമിക്കൽ — 35.25 KM<br>2 — ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കൽ — 9 Nos<br>3 — ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കൽ — 1 Nos |

| | | |
|---|---|---|
| 4 | നിലവിലുള്ള HT -OH ലൈനുകൾ കവേർഡ് കണ്ടക്ടർ ആക്കി മാറ്റൽ | 27.98 KM |
| 5 | നിലവിലുള്ള LT ലൈനുകൾ റി കണ്ടക്ടറിംഗ് ചെയ്യൽ | 29.03KM |

പുനരുപയോഗ ഊർജ വികസനം, രാജ്യത്തിന്റെ ഊർജ സ്വയംപര്യാപ്തത, ഗാർഹിക ഉപഭോക്താക്കൾക്ക് വൈദ്യുത ബില്ലിൽ കുറയ്ക്കുക എന്ന പ്രധാന ഉദ്ദേശം മുൻനിർത്തി, പരമാവധി 78,000/- രൂപ വരെ കേന്ദ്ര സബ്സിഡി ലഭിക്കുന്ന കേന്ദ്ര പദ്ധതിയായ PM Surya Ghar : Muft Bijili Yojana സൗരോർജ്ജ പദ്ധതി ഫലപ്രദമായ രീതിയിൽ കേരളത്തിന്റെ എല്ലാ ജില്ലകളിലും നടത്തി വരുന്നു. ഈ പദ്ധതിയുടെ നിലവിലെ കാലാവധി 31.03.2027 വരെ ആണ്.

ഇതിനു പുറമെ, കേരളത്തിലെ വിവിധ വിൻഡ് പൊട്ടൻഷ്യൽ സാധ്യതയുള്ള ഡെവലപ്പർ കണ്ടെത്തുന്ന സ്ഥലങ്ങളിൽ, വിൻഡ് പ്ലാന്റ് സ്ഥാപിച്ച (IPP മോഡലിൽ), TBCB-ൽ, 300 മെഗാവാട്ട് കാറ്റാടി പദ്ധതിയുടെ ടെൻഡർ നടപടി ക്രമങ്ങൾ അവസാന ഘട്ടത്തിലാണ്. ഈ പദ്ധതി 26-27-ൽ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ്.

**അനെർട്ട്**

സൗരോർജ്ജ ഉത്പാദനവുമായി ബന്ധപ്പെട്ട് കേരളത്തിലെ കർഷകർ കാർഷിക ആവശ്യത്തിന് ഉപയോഗിക്കുന്ന ജലപമ്പുകൾ സൗരോർജ്ജ പാനലുകൾ ഉപയോഗിച്ച് വൈദ്യുതീകരിക്കുന്ന പദ്ധതി അനെർട്ട് 2026-27 വർഷത്തിലും നബാർഡ് RIDF ഫണ്ട് ഉപയോഗപ്പെടുത്തി നടപ്പിലാക്കുന്നതാണ്. ഇത് മഞ്ചേരി നിയോജക മണ്ഡലത്തിലും ലഭ്യമായിരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം

**2021-2026 വർഷങ്ങളിൽ മഞ്ചേരി നിയോജക മണ്ഡലത്തിൽ അനെർട്ട് ഡെപ്പോസിറ്റ് പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും സർക്കാർ ഓഫീസുകളിലുമായി നടപ്പിലാക്കിയ സൗരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ**

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് / മുൻസിപ്പാലിറ്റി | പ്ലാന്റ് തരം | ശേഷി / എണ്ണം | പൂർത്തിയായ വർഷം |
|---|---|---|---|---|
| 1 | മഞ്ചേരി മുൻസിപ്പാലിറ്റി | സോളാർ സ്ട്രീറ്റ് ലൈറ്റ് | 2 എണ്ണം | 2025 |
| 2 | മഞ്ചേരി ഗവ. ആയുർവേദ ആശുപത്രി, മുള്ളമ്പാറ | ഓൺഗ്രിഡ് സോളാർ പ്ലാന്റ് | 10 kW | 2025 |
| 3 | മഞ്ചേരി ഗവ. ഹോമിയോ ആശുപത്രി | ഓൺഗ്രിഡ് സോളാർ പ്ലാന്റ് | 13 kW | 8 kW പൂർത്തിയായി (2025), 5 kW പുരോഗമിക്കുന്നു |
| 4 | കീഴാറ്റൂർ ഗ്രാമപഞ്ചായത്ത് | മിനി ഹൈമാസ്റ്റ് സോളാർ സ്ട്രീറ്റ് ലൈറ്റ് | 4 Nos | 2021 |
| 5 | എടപ്പറ്റ ഗ്രാമപഞ്ചായത്ത് | ഹൈബ്രിഡ് സോളാർ പ്ലാന്റ് | 5 kW | 2023 |
| 6 | ഗവ. ആയുർവേദ ഡിസ്പെൻസറി, പാണ്ടിക്കാട് | ഓൺഗ്രിഡ് സോളാർ പ്ലാന്റ് | 2 kW | 2025 |